# കണ്ടോ, കണ്ടൽക്കാട്ടിലെ മാലിന്യങ്ങൾ

Mathrubhumi 13.11.17



ചേറ്റുവ കണ്ടൽക്കാട്ടിൽ മാലിന്യം ശേഖരിക്കുന്ന വിദ്യാർഥികൾ

- എട്ടേക്കർ കണ്ടൽക്കാട്ടിൽ 25ചാക്ക് മാലിന്യം

**തൃശ്ശൂർ:** ചേറ്റുവയിലെ എട്ടേക്കർ കണ്ടൽക്കാട്ടിൽനിന്ന് വിദ്യാർഥിസംഘം ശേഖരിച്ചത് 25 ചാക്ക് അജൈവമാലിന്യം. അരയോളം വെള്ളത്തിൽ നടന്നും കണ്ടൽവേരുകൾ കയറി മറികടന്നുമാണ് ഇത്രയും മാലിന്യം ശേഖരിച്ചത്. സംഘത്തിൽ കൂടുതൽ പെൺകുട്ടികളായിരുന്നു.

സാലിംഅലി ഓർമദിനത്തിന്റെ ഭാഗമായി കാർഷിക സർവകലാശാലയുടെ കീഴിലുള്ള ഫോറസ്ട്രി കോളേജും വനം വകുപ്പിനു കീഴിലുള്ള സാമൂഹികവനവത്കരണവിഭാഗവും ചേർന്നാണ് ശുചീകരണ പ്രവർത്തനം നടത്തിയത്. പലതരം അജൈവമാലിന്യങ്ങളുടെ കേന്ദ്രമായി കണ്ടൽക്കാടുകൾ മാറിയിരുന്നുവെന്ന് ശുചീകരണത്തിനു നേതൃത്വം നൽകിയ ഫോറസ്ട്രി കോളേജ് വന്യജീവി വിഭാഗം മേധാവി ഡോ. പി.ഒ. നമീർ പറയുന്നു. മദ്യക്കുപ്പികളും വെള്ളക്കുപ്പികളുമായിരുന്നു ഇതിൽ പ്രധാനം.

കുപ്പികൾ കൂടാതെ അപകടകാരികളായ സി.എഫ്.എൽ. ബൾബുകളും ചെരുപ്പുകളും പ്ലാസ്റ്റിക് വസ്തുക്കളുമെല്ലാം ഇവിടെനിന്ന് കിട്ടി. ബോട്ടുവഴി ഇവ പുറത്തെത്തിച്ച് സംസ്കരണത്തിനായി നൽകുകയായിരുന്നു. ചേറ്റുവ കായലിൽത്തള്ളുന്ന മാലിന്യമാണ് വെള്ളത്തിലൂടെ ഒഴുകി കണ്ടൽക്കാടിന്റെ അരികുകളിൽ അടിയുന്നത്. കുപ്പികളും മറ്റും വേരുകൾക്കിടയിൽ കുടുങ്ങിക്കിടക്കുകയായിരുന്നു. പുറത്തുനിന്നുതള്ളിയ മാലിന്യവും ഉണ്ടാകാമെന്നാണ് ഇവരുടെ നിഗമനം.

30 കുട്ടികൾ അഞ്ചുമണിക്കൂറോളം അധ്വാനിച്ചാണ് ഇത്രയും മാലിന്യം നീക്കിയത്. രാവിലെ ആറു മുതൽ പതിനൊന്നുവരെയായിരുന്നു ഇവരുടെ പരിശ്രമം. സംഘത്തിലെ 25 പേരും പെൺകുട്ടികളായിരുന്നു. സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്റർ എ. ജയമാധവൻ, സാമൂഹികപ്രവർത്തകനായ രവി പനയ്ക്കൽ, എന്നിവരാണ് വിദ്യാർഥിസംഘത്തിനു വേണ്ട സഹായങ്ങൾ ഒരുക്കിയത്.





കണ്ടൽക്കാട് മാലിന്യം ശേഖരിക്കുന്നതിനുമുമ്പ് (ഫയൽ ചിത്രം)